നമ്പർ: 2609/എഫ്2/2009/വനം

വനംവന്യജീവി (എഫ്) വകുപ്പ്
തീയതി : 03.03.2009

## സർക്കുലർ

വിഷയം : നാട്ടാന പരിപാലന നിയമം കർശനമായി നടപ്പിലാക്കുന്നത് സംബന്ധിച്ച്

സൂചന : 1. 06.06.2007-ലെ റവന്യൂ വകുപ്പിന്റെ 27401/ജി2/2007/റവ നമ്പർ സർക്കുലർ
2. 01.03.2008-ലെ വനം വകുപ്പിന്റെ 19689/എഫ്2/2007/വനം നമ്പർ സർക്കുലർ

ആനകൾ ഇടയുന്നതിനെതുടർന്ന് ആളപായങ്ങൾ ഉണ്ടാകുന്നതും നാശനഷ്ടങ്ങൾ ഉണ്ടാകുന്നതും കേരളത്തിന്റെ പല ഭാഗത്തുനിന്നും റിപ്പോട്ട് ചെയ്യപ്പെടുകയാണ്. ആനകൾക്ക് മൈക്രോചിപ്പ് ഘടിപ്പിക്കാനും ആനപ്പാപ്പാൻമാർക്ക് പരിശീലനം നല്കുന്നവാനും തേർഡ് പാർട്ടി ഇൻഷ്വറൻസ് നിർബന്ധമാക്കാനും എല്ലാ വിഭാഗങ്ങളുടെയും സഹകരണത്തോടെ ഗവൺമെന്റ് മുൻകൈയെടുത്തു. ഇതെല്ലാമുണ്ടായിട്ടും ആനകളുടെ മേലുള്ള പീഡനങ്ങൾ തുടരുകയാണെന്ന് വിവിധവിഭാഗം ജനങ്ങളും മാധ്യമങ്ങളും അറിയിച്ചുകൊണ്ടേയിരിക്കുന്നു.

ഈ ദുഃസ്ഥിതിക്ക് പരിഹാരം കണ്ടെത്താൻ 2003-ലെ നാട്ടാന പരിപാലന ചട്ടങ്ങളിലെ വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടേണ്ടതാണ്. പ്രശ്നപരിഹാരത്തിന് ആഭ്യന്തരം, റവന്യൂ, ദേവസ്വം, വനം എന്നീ വകുപ്പുകൾ യോജിച്ച് നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഉത്സവാഘോഷവേളകളിൽ ആനയെ എഴുന്നള്ളക്കുമ്പോൾ സ്വീകരിക്കേണ്ട വിപുലമായ മാർഗ്ഗനിർദ്ദേശങ്ങൾ സൂചനപ്രകാരം റവന്യൂ വകുപ്പും വനം വകുപ്പും പുറത്തിറക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് നാട്ടാന പരിപാലനനിയമം കർശനമായി നടപ്പിലാക്കുന്നതിന് സത്വരനടപടികൾ സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

(ഒപ്പ്)
പി.കെ. മൊഹന്തി,
പ്രിൻസിപ്പൽ സെക്രട്ടറി

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പോലീസ് സൂപ്രണ്ടുമാർക്കും
കമ്മീഷണർ, തിരുവിതാംകൂർ/കൊച്ചി/മലബാർ/ഗുരുവായൂർ/കൂടൽമാണിക്യം ദേവസ്വംബോർഡ്
പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ
ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വന്യജീവി വിഭാഗം)
ആഭ്യന്തര വകുപ്പ്
റവന്യൂ വകുപ്പ്
ബഹു. വനവും ഭവനവും നിർമ്മാണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന് (ആഭ്യന്തരവും വിജിലൻസും)
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
വനം വകുപ്പ് അഡിഷണൽ സെക്രട്ടറി (എഫ്)യുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്

ഉത്തരവിൻ പ്രകാരം,
(ഒപ്പ്)
സെക്ഷൻ ഓഫീസർ